**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6280** **10-11-2021 - ൽ മറുപടിയ്ക്ക്**

**മൊഗ്രാൽ പുഴക്ക് കുറുകെ തോടയാറിൽ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ്, മഞ്ചേശ്വരം മണ്ഡലങ്ങളിലെ മൊഗ്രാൽപുത്തൂർ, പുത്തിഗെ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിന് മൊഗ്രാൽ പുഴയ്ക്ക് കുറുകെ തോടയാറിൽ പാലം നിർമ്മിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 5,30,000/- രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു. |
| (ബി) | പാലം കൂടാതെ അപ്രോച്ച് റോഡും പ്രസ്തുത പദ്ധതിയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പാലത്തിനോടൊപ്പം അനുബന്ധ റോഡ് നിർമ്മാണവും പദ്ധതിയോടൊപ്പം ഉൾപ്പെടുന്നുണ്ട്. |
| (സി) | ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ; | (സി) | നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കു ശേഷം ലഭിക്കുന്ന ഡിസൈൻ പ്രകാരം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ |
| (ഡി) | പ്രസ്തുത പാലത്തിന്റെ ഡിസൈൻ അടക്കമുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ? | (ഡി) | നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കു ശേഷം ലഭിക്കുന്ന ഡിസൈൻ പ്രകാരം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ